**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2800** **13-10-2021 - ൽ മറുപടിയ്ക്ക്**

**മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വലിയകുളത്തിനു സമീപം രണ്ട് മരങ്ങൾ മുറിക്കുന്നതിന് ചെങ്കൽ പഞ്ചായത്ത് നൽകിയ കത്തിന്മേൽ വാല്യൂവേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ മരം മുറി അപേക്ഷ സോഷ്യൽ ഫോറസ്ട്രി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ 01.10.2021-ന് ലഭിക്കുകയും ആയത് 06.10.2021-ന് അനന്തരനടപടികൾക്കായി ഇ-മെയിൽ മുഖാന്തിരം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷയിൽ 07.10.2021-ന് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ തുടർനടപടികൾ സ്വീകരിക്കുകയും 08.10.2021-ന് ബന്ധപ്പെട്ട നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാഫീസർക്ക് അടിയന്തരറിപ്പോർട്ടിനായി നൽകുകയും, 11.10.2021-ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ഔദ്യോഗിക റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ട്രീ കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം 15.11.02021-ന് മാത്രമേ ലഭ്യമാകുകയുള്ളു എന്ന വിവരം റെയിഞ്ചാഫീസർ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുണ്ട്. ട്രീ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായാലുടൻ ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുന്നതാണെന്ന് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | നഗരസഭ-പഞ്ചായത്തുകളിൽ നിന്നും മരങ്ങൾ മുറിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ അനുമതിയ്ക്ക് വരുന്ന കത്തുകളിന്മേൽ യഥാസമയം നടപടി പൂർത്തീകരിക്കുന്നതിനു കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനു മുന്നോടിയായി സ.ഉ(സാധാ) 68/2010/വനം, തീയതി 10.02.2010-ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള പട്ടികയിലെ ട്രീ കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണ്. പല മേഖലയിൽപ്പെട്ട അംഗങ്ങൾ ആയതിനാൽ ഇവരുടെ സാന്നിദ്ധ്യത്തോടെ കമ്മിറ്റി കൂടുവാൻ ചിലപ്പോഴെങ്കിലും കാലതാമസം നേരിടാറുണ്ട്. എന്നിരുന്നാലും അനുദിനം ലഭിക്കുന്ന അപേക്ഷകളുടെ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കലിന് താമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ